# ഇൻഫോഫ്രണ്ട്

വിമല മാതാ എച്ച്.എസ്.എസ് കദളിക്കാട്

# ആശംസ

പ്രിയ കുട്ടികളെ,

ഇൻഫോഫ്രണ്ട് എന്ന മാസിക വിജയത്തിലെത്തിക്കാൻ എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങളും വളരെ നന്നായി പരിശ്രമിച്ചു.ഇതിനു സാക്ഷ്യം വഹിച്ച ലിറ്റിൽ കൈറ്റ് അദ്ധ്യാപകരായ സിസ്റ്റർ മാഗ്ഗിയെയും സിസ്റ്റർ റെജിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് ലഭിച്ച ഈ അവസരം അവർ നന്നായി വിനിയോഗിച്ചു. മാഗസ്സിന്റെ നിർമ്മാണത്തിനായി ലിറ്റിൽ കൈറ്റിലെ എല്ലാവരും തന്നാലാകുന്നവിധം സഹകരിച്ചു. ഇനിയും വിജയത്തിലെത്താനാവട്ടെ എന്ന് ആശംസിക്കുന്നു

സി. അനിറ്റ് കൊച്ചുപുരയ്ക്കൽ
ഹെഡ് മിസ്ട്രസ്

# സാരഥികൾ



സി.അനിറ്റ് കൊച്ചുപുരയ്ക്കൽ

ഹെഡ് മിസ്ട്രസ്



സി.ജൂലിയ ജോർജ്ജ്



സി.റെജി ജോസഫ്

കൈറ്റ് മിസ്ട്രസ്

# നമ്മുടെ വിദ്യാലയം








# ആശംസ

പ്രിയ ലിറ്റിൽകൈറ്റ്സ് കൂട്ടുകാരേ,

പുതുമയുടെ ചുവടുകൾ

പിച്ചുടരുന്ന ഈ ആധുനിക കാലഘട്ടത്തിൽ ഐ.ടി. മേഖലക്ക് വളരെയധികം പ്രസക്തിയുണ്ട്.ലിറ്റിൽകൈറ്റ്സ് പദ്ധതിയിലൂടെ കുട്ടികൾ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരായി തങ്ങളുടെ മികവുകൾ തെളിയിക്കാൻ ശ്രമിക്കുന്നു. അതിന്റെ ഭാഗമാണ് 'ഇൻഫോഫ്രണ്ട്' എന്ന ഡിജിറ്റൽ മാഗസിൻ. വിമലമാതായിലെ ലിറ്റിൽ കൈറ്റുകൾ തങ്ങളുടെ സർഗശേഷികൾ ഡിജിറ്റൽ രൂപത്തിൽ അവതരിപ്പിക്കാൻ ഏറെ നന്നായി പരിശ്രമിച്ചു. കൂട്ടായ പ്രവർത്തനത്തിലൂടെ , ഈ മാഗസിൻ വിജയത്തിൽ എത്തിക്കാൻ ശ്രമിച്ച എല്ലാ കൂട്ടുകാരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.....

എല്ലാ നൻമകളും നേർന്നുകൊണ്ട്

സി. ജൂലിയ ജോർജ്ജ്

കൈറ്റ് മിസ്ട്രസ്

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ് | : | സി.അനിറ്റ് കൊച്ചുപുരയ്ക്കൽ |
| കൈറ്റ് മിസ്ട്രസ് | : | സി.ജൂലിയ ജോർജ് |
| | : | സി.റെജി ജോസഫ് |
| ചീഫ് എഡിറ്റർ | : | നന്ദന പ്രേം |
| എഡിറ്റേഴ്സ് | : | ആതിര എ. എൽ |
| | : | അർജ്ജുൻ കെ. എസ് |
| | : | ബിഷിൻ ബൈജു |
| | : | ഡിയോൾ ഷാജി |
| | : | മുംദാസ് മജീദ് |
| | : | നകുലൻ എസ് |

# എഡിറ്റോറിയൽ



നന്ദന പ്രേം
എഡിറ്റർ

ഐറ്റി കൂട്ടായ്മയുടെ അധ്വാനത്തിന്റെയും സൗഹൃദത്തിന്റെയും ഫലമായി ഇൻഫോഫ്രണ്ട് എന്ന ഡിജിറ്റൽ മാഗസിൻ ഞങ്ങൾ ഇവിടെ പൂർത്തീകരിച്ചിരിക്കുകയാണ്. ലിറ്റിൽ കൈറ്റ് അംഗങ്ങളുടെയും അദ്ധ്യാപകരുടെയും വിവിധ രചനാപരമായ നൈപുണികളായ കഥ, കവിത, ഉപന്യാസം, ജീവചരിത്രം, കുറിപ്പ് തുടങ്ങിയവ

അടങ്ങിയിരിക്കുന്ന മാഗസിനാണ് ഇത്. എല്ലാ കൈറ്റ് അംഗങ്ങളുടെയും അദ്ധ്യാപകരുടെയും ആത്മാർത്ഥമായ പരിശ്രമം കാരണമാണ് ഞങ്ങൾക്ക് ഈ ഇൻഫോഫ്രണ്ട് എന്ന മാഗസിൻ ഇത്രയും വിജയത്തിലെത്തിക്കാൻ സാധിച്ചത് .

# ഉള്ളടക്കം


അക്ഷരത്തെറ്റ്........12
ഫുട്ബോൾ എന്ന കായികമായാജാലം........15
അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും........17
പാപത്തിന്റെ ശിക്ഷ........20
അസ്തമിക്കാത്ത പ്രതീക്ഷകളോടെ....കൂടുതൽ അകലങ്ങളിലേക്ക് തോണി തുഴഞ്ഞ്...... തുഴഞ്ഞ്........22
ഉത്തരം പറയാമോ?........23
ഭൂമി സനാഥയാണ്........25
സ്വകാര്യം........27
പ്രകൃതിയെ തൊട്ടറിഞ്ഞ മഹാന്മാരിലൂടെ........29
കാളിദാസൻ........30
ഐ.എസ്. എൽ........32
യുവി അതിജീവനത്തിന്റെ പിച്ചിൽ........34
ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ഗുണങ്ങളും ദോഷങ്ങളും........36
പൂമ്പുലരിയിൽ........39
കമ്പ്യൂട്ടറും ഇന്നത്തെ ലോകവും........40
സുബ്രഹ്മണ്യൻ ചന്ദ്രശേഖർ........41
വെള്ളവും വിഷവും........42
ഉണക്കമരത്തിന്റെ........44
വിഷമം........44
കണി കാണും മുൻപ്........49
സ്വാതന്ത്ര്യദിന ക്വിസ്സ്........50
ബുദ്ധിശാലി........52
അഹങ്കാരത്തിന്റെ ഫലം........56
കടംങ്കഥ........60
ഉമ്പായി........61
കൈറ്റ് . ........64

# അഭിമുഖം

അനേക വർഷം വിമലമാതാ കുടുബത്തിൽ സേവനം അനുഷ്ഠിച്ച് വിരമിക്കുന്ന മാഗ്ഗി ടീച്ചറിനെയും റെജീന ടീച്ചറിനെയും ഒപ്പം ജോസഫ് ചേട്ടനെയും ലിറ്റിൽ കൈറ്റ് കുട്ടികൾ നടത്തുന്ന അഭിമുഖം

## മാഗ്ഗി ടീച്ചർ

ആതിര :എത്ര വർഷമായി ടീച്ചർ ഈ വിദ്യാലയത്തിൽ ജോലി ചെയ്യാൻ തുടങ്ങിയിട്ട് ?

മാഗ്ഗി ടീച്ചർ : 28 വർഷം ഞാൻ ഈ വിദ്യാലയത്തിൽ അദ്ധ്യാപികയായി ജോലി ചെയ്തു. 1990 മുതൽ ഞാൻ ഇവിടെ ജോലി ചെയ്യാൻ ആരംഭിച്ചു.

നന്ദന :ഈ വിദ്യാലയത്തിൽ നിന്നും വിരമിക്കുന്ന ഈ സന്ദർഭത്തിൽ ടീച്ചർക്ക് എന്താണ് പറയാനുള്ളത് ?

ഈ വിദ്യാലയത്തിൽ പഠിപ്പിച്ച് ഒരോ കുട്ടിയെയുംവ്യക്തിത്വത്തിന്റെ ഉടമയാക്കി മാറ്റുയതിൽ എനിക്ക് അതിയായ സന്തോഷംമുണ്ട്. കുട്ടികളുമായി ഇടപെടേണ്ട സമയത്ത് ഇനി വീട്ടിൽ ഇരുന്ന് സമയം കളയുകയും അവരെ ഇനി എന്നും പഠിപ്പിക്കാനോ കാണാനോ സാധിക്കില്ല എന്നോർത്ത് എനിക്ക് വിഷമം ഉണ്ട് .

ആതിര:ഇത്രയും വർഷത്തെ അനുഭവത്തിനു ശേഷം

ഞങ്ങൾ വിദ്യാർത്ഥികളോട് പറയാനുള്ളത് എന്താണ് ?

എല്ലാവരും നന്നായി പഠിച്ച് വലിയവരായി തീരട്ടെ.....

**റെജി ടീച്ചർ**

അമൃത : ടീച്ചർ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കാൻ തുടങ്ങിയിട്ട് എത്ര വർഷമായി ?

ടീച്ചർ : 30 വർഷത്തോളം ഞാൻ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചു.

ജോസ്ന : ടീച്ചർ എങ്ങനെയാണ് കുട്ടികളുമായി ഇടപ്പെട്ടത് ?

ടീച്ചർ : വളരെ സ്നേഹത്തോടെയാണ് കുട്ടികളുമായി ഞാൻ ഇടപ്പെട്ടത്ത്.

മുംതാസ് : ഈ വിദ്യാലയത്തിൽ നിന്ന് പോകുമ്പോൾ ടീച്ചർക്ക് എന്താണ് കുട്ടികളോട് പറയാനുള്ളത് ?

ടീച്ചർ : നിങ്ങൾ എല്ലാവരും പഠിച്ച് നല്ല നിലയിലെത്തണം

**ജോസഫ് ചേട്ടൻ**

നകുലൻ : ചേട്ടൻ എത്ര വർഷമായി ഈ വിദ്യാലയത്തിൽ ജോലി ചെയ്യാൻ തുടങ്ങിട്ട് ?

ജോസഫ് ചേട്ടൻ : 36 വർഷം

ഡിയോൾ : എത്ര പ്രിൻസിപ്പാളിന്റെ കീഴിൽ ജോലി

ചെയ്തിട്ടുണ്ട് ?

ജോസഫ് ചേട്ടൻ: 9 പേരുടെ കീഴിൽ ജോലി ചെയ്യുതിട്ടുണ്ട്

അർജുൻ : ഏതു പ്രിൻസിപ്പാളാണ് ചേട്ടന് ഇവിടെ ജോലിനൽകിയത്?

ജോസഫ് ചേട്ടൻ : സി. ആൻസി



മാഗ്ഗി ടീച്ചർ



റെജീന ടീച്ചർ



ജോസഫ് ചേട്ടൻ

# അക്ഷരത്തെറ്റ്



പാർവതി ടീച്ചർ

ഇവിടെയിനി നമ്മൾക്കു കുടനീർത്തുവാൻ
കത്തും നഭസ്സിന്റെ ചൂടു മാത്രം ...
കൈകോർത്തു നമ്മൾക്കു ചേക്കേറുവാൻ
തീമരച്ചില്ല തൻ നാമ്പു മാത്രം....
ഇരുളുന്ന വഴികളിൽ കൂട്ടാകുവാൻ
കരളു കാളുന്നൊരീ കവിതമാത്രം.
എഴുതാപ്പുറങ്ങളിൽ മൊഴികളായി
എരിയുന്ന വാഴ്വെന്ന ദു:ഖസത്യം.
നിറവും നിരാശയും ഇഴപാകുമി
പെരുവഴികളെങ്ങോ അകന്നുപോകേ
ഉത്തരം തേടുന്ന ചോദ്യങ്ങളായ്
നിഴലുകൾ പൂക്കളം തീർത്തിടുന്നു
പ്രണയാക്ഷരങ്ങൾ കുറിച്ചിട്ടതൊക്കെയും
മിഴിനീർപടപ്പിനാൽ മാഞ്ഞീടവേ,
മറുവാക്കു മുറിയുന്ന യാത്രയിൽ നാം

ഇവിടെ സമാന്തരരേഖകളായ്
കൂട്ടലുകളൊക്കെയും തെറ്റുന്ന ജീവിത-
പ്പുസ്തകത്താളിലെ ശൂന്യതയായ്...
സ്വപ്നങ്ങൾമായും നരച്ചരാവും
വെൺചിതൽ മൂടും നനത്ത വാക്കും
തിരയെടുക്കട്ടെയിനിയൊക്കയും,നമ്മൾക്കു
മറവിതൻ കോണിൽ പുതച്ചുറങ്ങാം
പേരറിയാപ്പൂവു വിരിയുന്ന പാതയിൽ
ഓർമ്മച്ചിരാതും കെളുത്തിവയ്ക്കാം...
പെയ്യാൻ മറക്കുന്ന മൗനമേഘങ്ങൾ നാം....
അകലാനടുത്തവർ... നിത്യസന്ദർശകർ!!!



# ഫുട്ബോൾ എന്ന കായികമായാജാലം



ജെറിൻ ജോസഫ്
9D

*ലോകമെമ്പാടും ഇപ്പോൾ ഹരംകൊള്ളിക്കുന്ന ഒരു കായികവിനോദമാണ് ഫുട്ബോൾ. 11-പേരാണ് ഇതിൽ കളിക്കുന്നത്. കാലുകൊണ്ടാണ് ഈ കളി കളിക്കുന്നത്. കൈകൾ ഇതിൽ ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഇരു ടീമിലെയും ഗോളികൾക്ക് കൈകൾ ഉപയോഗിക്കാം. സോക്കർ എന്ന പേരിലും ഫുട്ബോൾ അറിയപ്പെടുന്നു. അസോസിയേഷൻ ഫുട്ബോൾ എന്നും ഇത് അറിയപ്പെടുന്നു. ഫെഡറേഷൻ ഓഫ് ഇന്റർനാഷണൽ ഫുട്ബോൾ(ഫിഫ) ആണ് കളിയുടെ നിയമങ്ങൾ പരിഷ്കരിക്കുന്നതും നടപ്പിലാക്കുന്നതും. രാജ്യാന്തര തലത്തിലും ഫുട്ബോളിനെ നിയന്ത്രിക്കുന്നതും ഫിഫയാണ്. വിവിധ അസോസിയേഷനുകളും ഇതിൽ ഉണ്ട്. 200 രാജ്യങ്ങളിലായി കോടിക്കണക്കിനാളുകൾ ഈ കായികവിനോദത്തിൽ ഏർപ്പെടുന്നുണ്ട് . പ്രസിദ്ധരായ കളിക്കാരും ഫുട്ബോളിലുണ്ട്. മെസ്സി, നെയ്മർ, റൊണാൾഡോ, സലാഹ് അങ്ങനെ നിറയെ പ്രതിഭകൾ*

ഫുട്ബോൾ ലോകത്തുണ്ട്. റഫറിയാണ് കളിനിയന്ത്രിക്കുന്നത്. ഗ്രാസ്സ്ബോൾ ആണ് ഇതിന് ഉപയോഗിക്കുന്നത്. ഊർജ്ജവും ഒപ്പം കരുത്തും പകരുന്ന ഒരു കളിയാണ് ഫുട്ബോൾ. ഇത് നമ്മുടെ രക്തയോട്ടവും ആരോഗ്യവും വർധിപ്പിക്കുന്നു ഫുട്ബോൾ ഒരു കായികമായാജാലമാണ്. അതിലെ കളിക്കാർ മാന്ത്രിക കരുക്കളാണ്..........



# അപ്പൂപ്പനും അമ്മൂമ്മയും ചാമ്പങ്ങയും



ബെന്നറ്റ് സനിൽ

9D

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി .ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത്



കാണുവാൻ നല്ല രസമായിരുന്നു.അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീട്ടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും

കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു. അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോപറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പമരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ

ചാമ്പമരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന്ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു.രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി. അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി. പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങകൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

***ഗുണപാഠം : നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും.....***

# പാപത്തിന്റെ ശിക്ഷ



അഞ്ചന എലിസബത്ത് ബെന്നി
9D

കാട്ടരുവിയുടെ തീരത്ത് ബീമു എന്നൊരു കരടികുട്ടനുണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയായിരുന്നു അവന്റെ വിനോദം. ഒരു ദിവസം ബീമുകാട്ടരുവിയുടെ അരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെയരികിലെ ഒരു പാറയിൽ ചാരി ഇരിക്കുന്നത് കണ്ടത്.


"ഹി! ഹി! കരടിച്ചേട്ടനെ ഒന്നു പേടിപ്പിക്കാം..." ബീമു വിചാരിച്ചു.എന്നിട്ട് അവൻ കരടിയുടെ അരികിലെത്തിയിട്ട് ഒറ്റ കരച്ചിൽ.. "ഗ്രാ....."

പേടിച്ചു വിറച്ച കരടി "യ്യോ... മ്മോ .." ന്ന് കരഞ്ഞു ചാടി എണീറ്റു . വെപ്രാളത്തിനിടയിൽ കാൽ തെറ്റി അവൻ കാട്ടരുവിയിൽ വീണു.പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്ക് കയറിയത്. "ദുഷ്ടാ... നീ ഇതിന് അനുഭവിക്കും..." എന്ന് പറഞ്ഞിട്ട് കരടി വീട്ടിലേക്കു മടങ്ങി.

ആ ദിവസം ബീമു കാട്ടിലെ ചതുപ്പിനരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് കോക്രി തവളയെ കണ്ടത്. അവൻ കുളക്കരയിലെത്തിയപ്പോൾ തവള പറഞ്ഞ "ചേട്ടാ.. ഇങ്ങോട്ടു വാ .. നമുക്ക് നീന്തി കളിക്കാം..." ബീമുവിന് അത് പിടിച്ചില്ല.. " ഹും , എന്നെ കളിയാക്കുന്നോടാ..." അവൻ ചതുപ്പിലേക്കിറങ്ങി

പക്ഷേ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി."യ്യോ.. മ്മേ ....." അവൻ പറഞ്ഞു. അതുകണ്ട് തവള പറഞ്ഞു. "മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷയാണത്."

**ഗുണപാഠം :: മറ്റുള്ളവരെ ദ്രോഹിച്ചാൽ തിരിച്ചും ശിക്ഷ കിട്ടും....**



# അസ്തമിക്കാത്ത പ്രതീക്ഷകളോടെ....കൂടുതൽ അകലങ്ങളിലേക്ക് തോണി തുഴഞ്ഞ്...... തുഴഞ്ഞ്........



ഫായിസ്. കെ. ഹാരിസ്
9D



# ഉത്തരം പറയാമോ?



നേഹ ബിജുമോൻ
9D

1 കാളകിടക്കും കയറോടും.

2 ഞെട്ടയില്ല വട്ടയില.

3 അടിമുള്ള് നടുക്കാട് തല പൂവ്.

4 അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം വിട്ടമ്മമാർക്ക് ഇതുനിർബന്ധം.

5 ഒരാൾക്ക് 4 ആൺ മക്കളുണ്ട് ഓരോ ആൺ മക്കൾക്കും ഓരോ സഹോദരിയും ,എങ്കിൽ അയാളുടെ ആകെ മക്കളുടെ എണ്ണം എത്ര?

6 രാത്രിയിൽ വിരിയുന്ന ഒരു പൂവിന്റെ പേരെന്ത് ?

7 അക്കരെ നിക്കും തുഞ്ചാണി,ഇക്കരെ നിക്കും തുഞ്ചാണി, കൂട്ടിമുട്ടും കുഞ്ചാണി.

8 അകത്ത് രോമം പുറത്ത് ഇറച്ചി

9 ആരാന്റെ അമ്മയ്ക്ക് ഭ്രാന്ത്പിടിച്ചാൽ കാണാൻ നല്ല രസം

10 അകത്ത് നിന്ന് നോക്കികാണും കാണുന്നതെല്ലാ ഉള്ളിലാക്കും

11 അങ്ങേലെവീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേലെ വീട്ടിൽ മുറ്റമടി

12 ആവശ്യക്കാർ വാങ്ങുന്നില്ല വാങ്ങുന്നവർ ഉപയോഗിക്കുന്നില്ല

13 അമ്മയെ കുത്തി മകൻ മരിച്ചു.

14 മുറ്റത്ത് ചെപ്പി നടപ്പില്ല

15 ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിക്കും കുതിര

16 കിലുക്കം കിലുകിലുക്കും ഉത്തരത്തിൽ ചത്തിരിക്കും

17 പയ്യെ തിന്നാൽ പനയും തിന്നാം

# ഭൂമി സനാഥയാണ്



അലീന ജോസഫ്
10D

പ്രപഞ്ചഗോപുരവാതിൽ തുറന്നു
പണ്ടു മനുഷ്യൻ വന്നു
ആദിയിലാകാശങ്ങളിൽന്നിന്നൊരു
നാദതരംഗം പോലെ
സ്വപ്നം കാണും തിരുമിഴികൾക്കൊരു
സ്വാഗതഗാനവുമായി
നക്ഷത്രക്കതിർ നട്ടു വളർത്തിയൊ
രക്ഷയപാത്രവുമായി
പ്രപഞ്ചഗോപുരവാതിൽ തുറന്നു
പണ്ടു മനുഷൻ വന്നു
വിശ്വപ്രകൃതി വെറുംകൈയോടെ
വിരുന്നു നൽകാന നിന്നു
അന്നു മനുഷ്യൻ തിരുഞ്ഞു ഭൂമിയി-
ലായിരമുജ്ജ്വലശിൽപികങ്ങൾ
അളകാപുരികൾ,മധുരാപുരികൾ
കലയുടെ മാരാവതികൾ

**അഷ്ടൈശ്വര്യസമൃദ്ധികൾ ചൂടി-**
**യനശ്വരനായി ഭൂമി**
**സങ്കല്പത്തിനു ചിറകുകൾ കിട്ടി**
**സനാഥയായി ഭൂമി**
**മണ്ണിലെ ജിവിതവൈനികകളിൽ മുഴുവൻ**
**പൊന്നു വിളഞ്ഞു കാൺകേ,**
**സൂര്യൻ കോപം കൊണ്ടു ജ്വലിച്ചു**



# സ്വകാര്യം



ആസിഫ് .എം.എസ്
9D

ഒരിക്കൽ ഒരു നായാട്ടുകാരാൻ നായാട്ടിന് പോവുകയായിരുന്നു.അയാൾ തന്റെ സുഹൃത്തിനേയും കൂടെകൊണ്ടുപോയി.കാട്ടിൽ കുറേ വഴി ചെന്നപ്പോൾ ഒരു കരടി അവരുടെ നേരെ വന്നു.ഉടനെ അമ്പും വില്ലും താഴെയിട്ട് നായാട്ടുകാരൻ അടുത്തുകണ്ട മരത്തിൽ പിടിച്ചു കയറി രക്ഷപെട്ടു.നായാട്ടുകാരന്റെ സുഹൃത്ത് ആദ്യം പരിഭ്രമിച്ചുവെങ്കിലും അയാൾ താഴെ കമഴ്ന്ന് കിടന്നു .കരടി അയാളുടെഅടുത്തെത്തി.അപ്പോഴും അയാൾ അനങ്ങിയില്ല.ശ്വാസം അടക്കിപിടിച്ച് കിടന്നു.കരടി അയാളുടെ അടുത്ത് ചെന്ന് മണത്തുനോക്കി.അയാൾക്ക് ജീവനില്ലെന്ന് കരുതി അയളെ ഒന്നും ചെയ്യാതെ തിരിച്ചുപോയി. അല്പം കഴിഞ്ഞപ്പോൾ നായാട്ടുകാരൻ മരത്തിൽ നിന്ന് താഴെയിറങ്ങി

“എന്താണ് കരടി നിന്നോട് പറഞ്ഞത് ?” താഴെ കമഴ്ന്ന് കിടക്കുന്ന സുഹൃത്തിനോട് നായാട്ടുകാരൻ ചോദിച്ചു."സ്വന്തം രക്ഷമാത്രം നോക്കുന്ന സുഹൃത്തുക്കളെ ഉപേക്ഷിക്കണമെന്ന്"**സുഹൃത്തിന്റെ ആ വാക്കുകൾ കേട്ട് നായാട്ടുകാരൻ ലജ്ജിച്ചു.**



# പ്രകൃതിയെ തൊട്ടറിഞ്ഞമഹാന്മാരിലൂടെ



**അച്ചുതൻകുട്ടി.വി.റ്റി**
**9D**

**വിശ്വമഹാകവികളിൽ അദ്വിതീയനാണ് വില്യം വേർഡ്സ് വർത്ത്. തന്റെ കൽപനാസുരഭിലമായ ഈരടികൾകൊണ്ട് അനുവാചക ഹൃദയങ്ങളെ രസിപ്പിച്ച വേർഡ്സ് വർത്തിന്റെ കവിതകൾ അനശ്വരമാണ്. അവ നിലനിൽക്കുന്നതിന്റെ മഹാരഹസ്യം അവയിൽ അലയടിക്കുന്ന പ്രകൃതിയുടെ അച്ചുംബിത സൗന്ദര്യമാണ് ഹരിതാഭമായ പ്രകൃതിയുടെ നിറ സാന്നിധ്യം കൊണ്ട് അനുഗ്രഹിതമാണ് വേർഡ്സ് വർത്തിന്റെ കവിതകൾ പ്രശാന്തമായ പതഞ്ഞുവിഴുന്ന വെള്ളച്ചാട്ടങ്ങളും പൂക്കളും ഹിമശൈലങ്ങളും ലഹരിപടരുന്ന വനശോഭയും കൊണ്ട് സംഗീതസാന്ദ്രമാണ് ഈ രചനകൾ. ജിവിതകാലം മുഴുവൻ പ്രകൃതിയെ വാഴ്ത്തിപ്പാടിയ ഈ അനുരാഗിയുടെ ഹൃദയത്തെ മഥിച്ചത് പ്രകൃതിയുടെ ബാഹ്യസൗന്ദര്യം മാത്രമല്ല മറിച്ച് ജിവിതത്തിന്റെ അനശ്വര സ്രോതസായപ്രപഞ്ചത്തിന്റെ ആത്മാവാണ്.**

# കാളിദാസൻ



ആൻ ജൊവാക്ക്
**10D**

**കാളിദാസൻ ശ്രേഷ്ഠനാണെന്നും ആശ്രേഷ്ഠകവിയുടെ വിശിഷ്ടമായ രചനകൾ കാലമേറെ കടന്നുപോയിട്ടും**

**ഇന്നും അനശ്വരമായി നിൽക്കുന്ന എന്നത് പ്രധാനമാണ് . കവികളിൽ ശ്രേഷ്ഠനാണെന്നതുപോലെത്തന്നെ**

**കാവ്യങ്ങളിൽ ശ്രേഷ്ഠമായത് നാടകമാണ്.കാളിദാസൻ കവികളുടെ ചക്രവർത്തിയാണെന്ന് സങ്കൽപം പൗരസ്ത്യസാഹിത്യലോകത്തിൽ ചരിത്രപ്രതിഷ്ഠനേടിയ ഒന്നാണ് അതിമനോഹരമായ പ്രകൃതിവർണനയാണ്**



# ഒരു കടന്ന വെളിച്ചമായ്



അതുൽ അനീഷ്
9C

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു.സൗന്ദര്യവസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന.ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു. അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യസ്വാദകനു വിറ്റു. പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി.ഈ പണം എന്തു മാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത് !ഇത് അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞു കിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്ക് വാങ്ങും?

അപ്പോൾ തന്റെ കൈക്കലെത്തി ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകർ ഇങ്ങനെ ചിന്തിക്കുകയായിരുന്നു. എന്തൊരു സൗന്ദര്യം ! എന്തൊരു ജീവപ്രകാശം !ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്ക്ശേഷം എന്റെ കൈകളിലെത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്ന് ചേർന്നിരിക്കുന്നത് മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇങ്ങനെ കൈമാറാൻ ആർക്ക് തോന്നും?

# ഐ.എസ്. എൽ



സ്റ്റീവ് ഷാജു
9D

നാം ഇന്ത്യക്കാർക്ക് ഏറ്റവും വലിയ ഉത്സവമാണ് ഐ. എസ്.എൽ .ഓരോ ഗോൾ അടിക്കുമ്പോഴും അവർ ഇന്ത്യയക്കാരുടെ നെഞ്ചിൽ ആഹ്ലാദ ഗോളാണ് നേടുന്നത്.ഓരോ രാജ്യംപോലെ ഓരോ ടീമും തന്റെ നായകർക്കൊപ്പം പടക്കളത്തിലേക്ക് നയിക്കപ്പെടുന്ന



.പടക്കളത്തിലുള്ള അധിവമായ യുദ്ധത്തിനശേഷം ഗ്യാലറിയുടെ അഹ്ലാദം പിടിച്ചുപറ്റി ജയവുമായി മടങ്ങുന്നു.ഐ.എസ്.എല്ലിൽ വമ്പൻമാരായി പടക്കളത്തിലിറങ്ങുന്ന **എ.റ്റി.കെ**,**കേരള ബ്ലാസ്റ്റേഴ്സ്** ,**ജമ്ഷേഠ്പൂർ**,**മുബൈയ് സിറ്റി**,**ബെഗ്ളൂരു എഫ്.സി**,

നോർത്തീസ്റ്റ് യുണൈറ്റെഡ്,ചെന്നൈയ് എഫ്.സി,എഫ്.സി ഗോവ,ഡെൽഹി ഡയനാമോസ്, പൂനെ സിറ്റി. മെസ്സിയുടെ ഒപ്പം പടക്കളത്തിലിറങ്ങുന്ന ഇന്ത്യൻ ടീമിലും ബെന്ഗളൂരു ടീമിലും സുനിൽ ചേത്രി യുണ്ട് .അതുകൊണ്ട് ഇന്ത്യയക്കാർ ഐ. എസ്.എൽനെ സനേഹിക്കുന്നത്. നിങ്ങളും ഐ. എസ്.എൽ അരാധകനല്ലെ?



# യുവി അതിജീവനത്തിന്റെ പിച്ചിൽ....



റസീന നിസാറ്

9D

മാരകരോഗങ്ങളെ ഇച്ഛാശക്തി കൊണ്ട് അതിജീവിച്ചവർ ധാരാളമുണ്ട്. മരണമുമ്പിൽ നിന്ന് ജീവിതത്തിലേക്ക് തിരിച്ചുവന്ന കായിക താരകങ്ങളിൽ പലർക്കും അവരുടെ രംഗങ്ങളിൽ വീണ്ടും സജീവമാകാനും കഴിഞ്ഞിട്ടുണ്ട്. ഒന്നര വർഷത്തെ കാത്തിരിപ്പിനു ശേഷം ഇന്ത്യൻ ടീമിലേക്കു ഒരിക്കൽകൂടി മടങ്ങിയെത്തിരിക്കുകയാണ് യുവി.ഒരോവറിലെ ആറ് പന്തും സിക്സറുകളും പായിച്ച റെക്കോർഡുൾപ്പടെ 2007-ൽ ഇന്ത്യയെ ആദ്യ ട്വന്റി ട്വന്റി ലോകകപ്പ് ജേതാക്കളാക്കിയതിലും 28 വർഷത്തിനു ശേഷം ഇന്ത്യയെ വീണ്ടും ലോക ചാമ്പ്യൻമാരാക്കിയതിലും പ്രധാന പങ്ക് യുവരാജസിങ്ങാണ്. അത് കഴിഞ്ഞ് മാസങ്ങൾക്കകം അദ്ദേഹം രോഗബാധിതനായി അദ്ദേഹം കളിക്കാനിറങ്ങി. യൂവികാൻ വെഞ്ചേഴ്സ് എന്ന പേരിൽ യുവരാജ് സിംഗ് ഫൗണ്ടേഷൻ തുടങ്ങിയ സംരംഭം.

# ഇന്റർനെറ്റിന്റെയും മൊബൈൽഫോണിന്റെയും ഗുണങ്ങളും ദോഷങ്ങളും



അബിജിത്ത് സന്തോഷ്
9C

ഇന്നത്തെ ലോകം നമ്മുടെ വിരൽത്തുമ്പിൽ എത്തിയതിൽ ഇന്റർനെറ്റിന് ഒരു വലിയ പങ്കുണ്ട്. ഏതൊരു വിവരവും തൽക്ഷണം അറിയാൻ ഇന്റർനെറ്റ് സഹായിക്കുന്നു. ലഭിച്ച വിവരങ്ങൾ പരസ്പരംതാരതമ്യംചെയ്യുന്നതിനും അവസരം ലഭിക്കുന്നു. ചിത്ര രൂപത്തിലും വീഡിയോ രൂപത്തിലും ഫയലുകളുടെ രൂപത്തിലും മറ്റും ലഭിക്കുന്ന വിവരങ്ങൾ വിദ്യഭ്യാസം ഗവേഷണം ആരോഗ്യം, സംരക്ഷണം, വാർത്താവിനിമയം ഗതാഗതം തുടങ്ങിയ ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. മുമ്പ് കമ്പ്യൂട്ടറുകൾ വഴി മാത്രമാണ് ഇന്റെർനെറ്റ് ലഭിച്ചിരുന്നെങ്കിൽ ഇന്ന് സമാർട്ട് ഫോണുകൾ ആധ്യപത്യം സ്ഥാപിച്ചിരിക്കുന്നു. ഇന്നത്തെ കാലത്ത് മൊബൈൽ ഫോണുകൾ ഉപയോഗിക്കാത്തവരായി അധികം ആരും

ഉണ്ടായിരിക്കില്ല.ഫോൺ വിളിക്കുക എന്നതിന് അപ്പുറം ഇന്നത്തെ മൊബൈൽ ഫോണുകൾ മറ്റ് അനവധി സേവനങ്ങളും കൂടി നൽകുന്നുണ്ട്. ഈമെയിൽ ഇന്റെർനെറ്റ്, കളികൾ, ഇൻഫ്രാറെഡ് ക്യാമറ എം.എം.എസ്, എംപി3 ജി.പീ.എസ്എന്നിവകൂടി മൊബൈലിൽ സൗകര്യം ഉണ്ടായപ്പോൾ ആളുകളിൽ അതിന്റെ ഉപയോഗം വർധിച്ചു. യാത്രയിൽ ആയിരിക്കുമ്പോൾ പോലും വിവരങ്ങൾ ലഭ്യമാക്കാൻ മൊബൈൽ ഇന്റെർനെറ്റിന് സാധിക്കും. അങ്ങനെ മൊബൈൽ ഇന്ന് നമ്മുടെ നിത്യ ജീവീതത്തിന്റെ ഭാഗമായി മാറി . നല്ല രീതിയിൽ ഉപയോഗപ്പെടുത്തിയാൽ അനന്തസാധ്യയുള്ള ഇന്റെർനെറ്റും മൊബൈൽ ഫോണും തെറ്റായ രീതിയിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപരി വിനോദങ്ങൾക്കും ഇന്റെർനെറ്റ് ഉപയോഗിക്കുന്നതിൽ തെറ്റില്ലെങ്കിലും കുട്ടികളെ വഴിതെറ്റിക്കുന്നവെബ്സൈറ്റുകൾ ഇന്ന് വ്യാപകമാണ്. സ്മാർട്ട്ഫോൺകൂടി എത്തിയതോടെ

ഇന്റെർനെറ്റിന്റെ ദുരു ഉപയോഗം പതിമടങ്ങായി വർധിച്ചു. കുട്ടികളെ അടിമകളാക്കിയ ശേഷം ആത്മഹത്യയിലേക്ക് വരെ നയിക്കുന്ന മൊബൈൽ ഓൺലൈൻ ഗേമുകൾ ഇന്ന് വലിയ ചർച്ചയാകുന്നു. കുട്ടികളുടെ മാനസിക, ശാരീരിക ആരോഗ്യം തകർക്കുന്ന ഒന്നായി ഇന്റെർനെറ്റ് മാറിയിരിക്കുന്നു. സാമൂഹികബന്ധങ്ങളിൽ നിന്നും കുടുംബബന്ധങ്ങളിൽ നിന്നും വ്യതിചലിച്ച് സ്മാർട്ട് ഫോണിന്റെ മാന്ത്രിക വലത്തിൽ കുടുങ്ങിപോയ കുട്ടികൾ എത്ര എത്ര... ഇന്റെർനെറ്റിന്റെ അമിത ഉപയോഗം മനസ്സിന്റെ ഏകാഗ്രത നശിപ്പിക്കും. ഇന്റെർനെറ്റിൽ സദാസമയം ചിലവഴിക്കുന്നവരിൽ ഏകാഗ്രത കുറയുവാനുള്ള സാധ്യത ഏറെയാണ്. ഇന്നത്തെ വിദ്യാഭ്യാസ പിന്നോക്കവസ്ഥയ്ക്ക്, ധാർമിക അധ:പതനത്തിനു സുപ്രധാനകാരണം ഇന്റെർനെറ്റിന്റെ അമിതവും വിവേകരഹിതവുമായ ഉപയോഗം തന്നെ....



# പൂമ്പുലരിയിൽ



അകാശ് സാജ്കുമാർ

പൂമുറ്റത്തെ പൂച്ചെടികൾ
പൂക്കളുമായി കുണുങ്ങുന്നു
പൂമ്പാറ്റകളി , പൂവുകളിൽ
പൂന്തേനുണ്ണാൻ പാറുന്നു
പൂമണമെങ്ങുമൊഴുക്കീടാൻ
പൂങ്കാറ്റെങ്ങും പായുന്നു
പൂത്താങ്കീരികൾ , കുരുവികളും
പൂഞ്ചിറക്കാട്ടി , പാടുന്നു
പൂത്തുമ്പികളുടെ , കൂട്ടങ്ങൾ
പൂമ്പാട്ടുകളായലയുന്നു
പൂത്തിരിവാലൻ കുഞ്ഞണ്ണാൻ
പൂന്തൊടി കൊട്ടി ചാടുന്നു
പൂത്തമരത്തിൻ ശിഖരങ്ങൾ
**പൂങ്കാറ്റിലാടിയുലയുന്നു**



# കമ്പ്യൂട്ടറും ഇന്നത്തെ ലോകവും



അതുൽ എസ്.കുമാർ
9D

മനുഷ്യന്റെ കണ്ടുപിടിത്തങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ് കമ്പ്യൂട്ടറിന്റെ കണ്ടു പിടിത്തം .കഴിഞ്ഞരണ്ട് ദശവർഷങ്ങളിൽ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ കുതിച്ചുകയറി വളർന്നിട്ടുണ്ട്.ഗണിത പ്രശ്നങ്ങൾ വേഗത്തിൽ തീർക്കാൻ വേണ്ടി നിർമ്മിച്ചതാണ് കമ്പ്യൂട്ടറെങ്കിലും ഇന്ന് കാലാവസ്ഥപ്രവചനം യന്ത്രങ്ങളുടെ രൂപകല്പന നിർമ്മാണം ബഹിരാകാശ പേടകങ്ങളുടെ നിയന്ത്രണം തുടങ്ങിയ ഒട്ടേറേ പ്രവർത്തനങ്ങൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നു .

ഇലക്ട്രോണിക് യാന്ത്രിക ഘടകങ്ങൾ കൂട്ടിച്ചേർക്കുന്ന ഒരു ഉപകരണമാണിത് .ഈ ഘടകങ്ങളെ "ഹാർഡ് വെയർ എന്നും ഇതിനകത്ത് പ്രവർത്തിക്കാൻ വേണ്ടിനൽകുന്ന നിർദ്ദേശ പ്രോഗ്രാമുകളെ സോഫ്റ്റ് വെയർ എന്നും പറയുന്നു.

പത്തു ദശലക്ഷം കമ്പ്യൂട്ടറുകളോളം ലോകം മൊത്തം സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു നെറ്റ് വർക്കാണ് ഇൻർനെറ്റ് .ഇത് ഇലക്ട്രോണിക് വാണിജ്യം ഇലക്ട്രോണിക്സ് മെയിൽ

തുടങ്ങിയ പല മേഖലകളിലേക്ക് വഴിതെളിക്കുന്ന .കൃത്രിമ ബുദ്ധിവൈഭവം ആണ് ഇന്നത്തെ കമ്പ്യൂട്ടർ മേഖലയിലെ ഗവേഷണത്തിൽ ഏറ്റവും മെച്ചപ്പെട്ട നേട്ടം.ഇത് ചിന്തിക്കുന്ന ഒരു യന്ത്രത്തെ സാധ്യമാകുന്നു.


# സുബ്രഹ്മണ്യൻ ചന്ദ്രശേഖർ



അൽഫിയ കെ.എൻ
9D

1930 കളിൽ നക്ഷത്രങ്ങളെക്കുറിച്ച് പഠനം നടത്തിയ ചന്ദ്രശേഖരൻ,വെള്ളക്കുള്ളൻ നക്ഷത്രങ്ങൾക്ക് ഉണ്ടാകാവുന്ന പരമാവധി ദ്രവ്യമാനം ഗണിത പരമായി കണ്ടെത്തി.സൗരമാസിന്റെ 1.44 ഇരട്ടിയാണ് ഈ സംഖ്യ. ഈ പരിധി നക്ഷത്രപരിണാമത്തിൽ നിർണായകമാണ്. ഇതാണ് ചന്ദ്രശേഖർ സീമ.

( 1910-1995 )



# വെള്ളവും വിഷവും



ഡിയോൾ ഷാജി

9D

ഒരു ദിവസം ഒരാൾ വെള്ളം കുടിക്കാനായി ഒരു ഗ്ലാസിൽ വെള്ളമെടുത്തു. പെട്ടെന്ന് അദ്ദേഹത്തിനൊരു അത്യാവശ്യ കാര്യത്തിനായി വെള്ളം ഒരു മേശയുടെ പുറത്തുവെച്ചു. ആ വെള്ളത്തിന്റെ അടുത്ത്, ഒരുകുപ്പി വിഷമിരിക്കുന്നുണ്ടായിരുന്നു. ആ വിഷം വെള്ളത്തിനെ കളിയാക്കികൊണ്ട് പറഞ്ഞു : അല്പസമയത്തിനുള്ളിൽ നിന്നെ അയാൾ കുടിക്കും. എത്രയും പെട്ടെന്ന് മരിക്കാൻ തയ്യാറായിക്കോ. ഇതുകേട്ട് വെള്ളം സങ്കടത്തോടെ പറഞ്ഞു : ഞാൻ ഇനി എന്തു ചെയ്യും , എന്നെ നിനക്ക് രക്ഷിക്കാൻ കഴിയുമോ



? അപ്പോൾവിഷം പറഞ്ഞു : എന്റെ ഒരു തുള്ളി വിഷം ഞാൻ നിനക്കു തരാം ഇതു നിന്റെ വെള്ളത്തിൽ ചേർത്താൽ നിറം മാറും അപ്പോൾ നിന്നെ അയാൾ കുടിക്കില്ല. വെള്ളം വിഷം പറഞ്ഞതു പോലെ അനുസരിച്ചു. നിറം മാറിയതുകണ്ട് അയാൾ വെള്ളം കുടിച്ചില്ല. അയാൾ വെള്ളമവിടെ വെച്ചിട്ട് തിരിച്ചുപോയി. അതിനുശേഷം വെള്ളം വിഷത്തോടുപറഞ്ഞു എനിക്ക് നിന്റെ ശരീരത്തിൽ വിഷം കലർത്താനെ സാധിക്കു .അത് തിരിച്ചെടുക്കാനാവില്ല.

( ഇതു പോലെയാണ് നമ്മുടെ ജീവിതവും, നമ്മുടെ ജീവിതത്തിലേക്ക് നല്ലവരല്ലാത്ത ആളുകൾ തിന്മകലർത്തും. പിന്നെ നമ്മുടെ പഴയജീവിതത്തിലേക്ക് നമ്മുക്ക് തിരിച്ചു പോകാൻ സാധിക്കില്ല )

# ഉണക്കമരത്തിന്റെ

# വിഷമം



നകുലൻ എസ്

9D

കൂടല്ലൂർ വനത്തിലെ വിസ്മയമരത്തെക്കുറിച്ച് നീലിപക്ഷി അറിയുന്നത് പൊത്തു പൊന്മാനിൽ നിന്നായിരുന്നു.മരത്തെക്കുറിച്ച് പറഞ്ഞതു കേട്ടതുമുതൽ മരം നേരിൽ കാണാൻ നീലിക്ക് മോഹമുദിച്ചു. തനിച്ചവിടെ പോകാൻ പറ്റില്ല. തന്നെയുമല്ല, നിറയെ കഴുകന്മാരുള്ള നാടാണെന്നാകേൾക്കുന്നത്.നീലി ഒരോന്നാലോചിച്ചിരിക്കുമ്പോഴാണ് പൊന്മാൻ അതുവഴി എത്തിയത്.എന്താ നീലി നീ ആകെവിഷമത്തിലാണെന്നുതോന്നുന്നല്ലോ.അതെ പൊന്മാൻ ചേട്ടാ, എനിക്ക് വിസ്മയ മരം കാണണമെന്ന് അടങ്ങാത്ത ആഗ്രഹം. "നീ വിഷമിക്കേണ്ട. ഞാനിന്ന് വിസ്മയ മരത്തിലേക്ക് പോകുന്നുണ്ട്. കൂടെകൂടിക്കോ.” നിലിക്കു സന്തോഷമായി. വിസ്മയമരം കണ്ടു വന്നിട്ടുവേണം തനിക്ക് നാട്ടിലൊന്നു തിളങ്ങാൻ. അൽപ്പം

അഹങ്കാരത്തോടെയാണെങ്കിലും നീലി പൊന്മാൻ ചേട്ടനൊത്ത് കൂടല്ലാർ വനത്തിലോട്ട് പറന്നു. ഉച്ചയോടെ ഇരുവരും കൂടല്ലാറിലെത്തി. വിസ്മയമരത്തിനടുത്തേക്കെത്താൻ പോലുമാകാത്തവിധം പക്ഷികളെക്കൊണ്ട് നിറഞ്ഞിരുന്നു. പൊന്മാൻ അകലെ നിന്നാണ് നീലിയെ വിസ്മയമരം കാണിച്ചുകൊടുത്തത്. എങ്ങനെയെങ്കിലും വിസ്മയമരത്തിലൊന്നു കയറിപ്പറ്റണമെന്ന് നീലി വല്ലാതെ മോഹിച്ചു. പൊന്മാൻചേട്ടാ നമ്മളെങ്ങനെയാണ് മരത്തിനടുത്തെത്തുക? നീലി കാണുന്നില്ലേ സൂചികുത്താനിടയില്ല ആ മരത്തിൽ. ഈ കത്തിയെരിയുന്ന വെയിലിൽ വിസ്മയ മരത്തിലെ തണൽ കൊതിക്കാത്തവരായി ഭൂമുഖത്താരുണ്ട്. തന്നെയുമല്ല, ഒരു വട്ടം വിസ്മയമരത്തിലിരുന്നാൽ ചെയ്തിട്ടുള്ള പാപങ്ങൾ മാറികിട്ടുമെന്നാ വിശ്വാസം. നീലി വിശപ്പും ദാഹവും കൊണ്ട് തളർന്നിരുന്നു. വെയിലാണെങ്കിൽ അതിശക്തവും. തൊട്ടടുത്തെങ്ങും മരങ്ങളില്ലാത്തതിനാൽ പൊന്മാനും നീലിയും മരത്തിൽ കയറാൻ അവസരംകിട്ടാതെ കാത്തിരുന്നവർക്കൊപ്പം ഒരു പാറപ്പുറത്തിരുന്നു.ആയിരക്കണക്കിനു പക്ഷികൾ വിസ്മയമരത്തിൽ കയറാനുള്ള അവസരവും കാത്ത്

നിന്നിരുന്നു.മരത്തിൽ കയറിക്കൂടിയവരാണെങ്കിൽ തിരിച്ചിറങ്ങാത്തതിനാൽ പുതിയവർക്ക് കയറാനും പറ്റുന്നില്ല.പൊന്മാൻ ചേട്ടാ ഇത്രയധികം സൗന്ദര്യവും ഇലച്ചാർത്തും നിറയെ പഴങ്ങളുമുള്ള വിസ്മയമരത്തിൽ നമ്മളെങ്ങനെ കയറിക്കൂടും? അതുതന്നെയാണ് നീലി ഞാനും ആലോചിക്കുന്നത്.നീ ദൈവത്തോട് പ്രാർത്ഥിക്ക്.താനൊരുക്കിയ തണലുതേടിയും എത്രയോപേരാണ് എത്തുന്നത്.എത്തുന്നവരെക്കാൾ ഇരട്ടിപേർക്കാണ് ഇരിക്കാനവസരമില്ലാതെ മടങ്ങുന്നത്.വിസ്മയമരം സ്വയം അഹങ്കരിച്ചു.അവന്റെ മനസ്സിൽ മറ്റുപലചിന്തകളും ഉടലെടുത്തു.തന്നെ കാണാനെത്തുന്നവരിൽ നിന്നും ഇരിപ്പ സമയം പറഞ്ഞ് പണം ഈടാക്കണം.ഫലങ്ങൾ ഭക്ഷിക്കുന്നവർ അധിക പണവും നൽകണം. അതിനായി ഏതാനും പേരെ ചുമതലപ്പെടുത്തണം.അങ്ങനെ വിസ്മയമരം പണമുണ്ടാക്കാൻ തുടങ്ങി .മരത്തിൽ നിന്നും പ്രത്യേകം നിയമിച്ചിട്ടുള്ളവർ പണംപിരിച്ച് സന്ദർശകർക്ക് അവസരം കൊടുത്തു. ഒരു ദിവസം തെക്കുദേശത്തുനിന്നു ഒരു പറ്റം കിളികൾ വിസ്മയമരം കാണാനെത്തി. അവരെ ഗെയ്റ്റിൽ വച്ച് സുരക്ഷാ ജീവനക്കാർ തടഞ്ഞു. മരം കാണാനാവാതെ ദിവസങ്ങളോളം അവർ പൊരിവെയിലിൽ കഴിഞ്ഞുകൂടി.

നിരാശയോടെ മടങ്ങാനൊരുങ്ങുമ്പോഴാണ് ദൈവം അവർക്കുമുന്നിൽ പ്രത്യക്ഷനായത്. അവർ ദൈവത്തോട് തങ്ങളുടെ വിഷമങ്ങൾ പറഞ്ഞു. പ്രിയപ്പെട്ടവരെ,ഈ വിസ്മയമരം എന്റെ സൃഷ്ടിയാണ്. എന്നാൽ ഇന്ന് അവൻ പണമുണ്ടാക്കുകയാണ്. നിങ്ങൾക്കിരിക്കാൻ പറ്റാത്ത ആ മരത്തിന്റെ തണൽ ഞാൻ മടക്കിയെടുക്കുകയാണ്. അതും പറഞ്ഞ് ദൈവം അപ്രത്യക്ഷമായപ്പോൾ വിസ്മയമരത്തിന്റെ ഇടതൂർന്ന നിന്ന ഇലകൾ കുറേശ്ശേ കൊഴിയാൻ തുടങ്ങി. വിസ്മയമരം വളരെ പെട്ടന്ന് ചില്ലകൾ മാത്രമുള്ള അസ്ഥിമഞ്ജരമായിമാറി.അതിലിരുന്ന ആയിരക്കണക്കിന് പക്ഷികൾ തണൽ തേടി ചിറകടിച്ചു. അവരോടൊപ്പം പറക്കാൻ നീലി പക്ഷിയും പൊന്മാനുമുണ്ടായിരുന്നു.

**(ചങ്ങാതികളെ നമുക്കുള്ളതിനെക്കുറിച്ച് അമിതമായി അഹങ്കരിക്കരുത്. നൽകുന്നവന് തിരിച്ചെടുക്കാനുമാകും.)**



# കണി കാണും മുൻപ്



അമൃതാ വിനീത്
9D

മേടച്ചൂടിൽ വാനോളമുയരും
വെയിൽ നാളങ്ങളിൽ
കൂടെ ചാഞ്ചാടുമൊരാ
നെല്ക്കതിർ പാടങ്ങളിൽ
ഉടനെയെത്തുമോയെന്നാഞരനെന്നു
വഴിക്കണ്ണ് നട്ട് നിന്നെന്നമ്മ.....
ഞങ്ങളോ കണിക്കൊന്നപ്പൂ
തേടിനാടാകെയലഞ്ഞു....



# സ്വാതന്ത്രദിന ക്വിസ്സ്



ഗായത്രി ദേവി

9C

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതെന്ന്?

1947 ആഗസ്റ്റ്-15

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ആര്?

ജവഹർലാൽ നെഹ്റു

സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വനിത പ്രധാനമന്ത്രി ?

ഇന്ദിരാഗാന്ധി

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപകൻ ആര് ?

എ.ഒ.ഹ്യൂം

സ്വാതന്ത്ര്യം എന്റെ ജന്മാവകാശം എന്ന പറഞ്ഞതാര്?

ബാലഗംഗാതര തിലക്

ലാൽ,പാൽ,ബാൽ കൂട്ടുകെട്ട് ആരൊക്കെയാണ്?

ലാൽ ലജ്പത്തറായി, ബാലഗംഗാതര തിലക്, ബിപിൻ ചന്ദ്രപാൽ

ഗാന്ധിയെ ആദ്യമായി രാഷ്ട്രപിതാവ് എന്ന വിശേഷിപ്പിച്ചതാര്?

സുഭാഷ് ചന്ദ്രബോസ്

സാരേ ജഹാം സേ അച്ഛാ എന്ന ദേശഭക്തിഗാനം എഴുതിയതാര്?

മുഹമ്മദ് ഇഖ്ബാൽ

# ബുദ്ധിശാലി



ബിഷിൻ ബൈജു
9C

പണ്ട് ഒരു കാട്ടിൽ ബുദ്ധിശാലിയായ നരിയുണ്ടായിരുന്നു. ഒരു ദിവസം അലഞ്ഞു തിരിഞ്ഞു കൊണ്ടിരുന്നപ്പോൾ നരി ഒരാനയുടെ ശരീരം കണ്ടു. ആനമാംസം തിന്നാനുള്ള ആർത്തിയോടെ നരി ആനയുടെ ഉടലിനരികിൽ ചെന്ന് പല്ലുകൾ കൊണ്ട് കടിച്ചു തിന്നാൻ ശ്രമിച്ചു.

എന്നാൽ ആനയുടെ തോൾ വളരെ കട്ടിയുള്ളതായിരുന്നു. നരി തന്റെ പല്ലുകളാൽ ആവുന്നത്ര കടിച്ചിട്ടും മാംസം കിട്ടിയില്ല. വിഷമിച്ചു പോയ നരി ആനയുടെ അടുത്തിരുന്ന് എന്ത് ചെയ്യാം എന്നാലോചിച്ചു.

ഒരു സിംഹം ആ വഴി വരുന്നത് നരി കണ്ടു. ആ സിംഹത്തിന്റെ അടുക്കൽ നരി വളരെ ഭവ്യതയോടെ പറഞ്ഞു. "രാജാവേ , ഞാൻ നിങ്ങൾക്കുവേണ്ടിയാണ് ചത്തു പോയ ആനയുടെ ഉടലിനുകാവലിരിക്കുന്നത്. ദയവായി അങ്ങിതു ഭക്ഷിച്ചാലും." സിംഹം ഗർജിച്ചു . "ഞാൻ മറ്റു മൃഗങ്ങളാൽ കൊല്ലപ്പെട്ട ഇരയെ ഭക്ഷിക്കാറില്ല.

നിനക്കീ കാര്യം അറിയാമെന്നു കരുതുന്നു. വഴി മാറിനില്ക്കു.." ഇങ്ങനെ പറഞ്ഞു സിംഹം പോയി.

സിംഹം ചത്തു പോയ ആനയുടെ ഉടൽ തിന്നാതെ പോയതിൽ നരിക്കു സന്തോഷമായി. എങ്കിലും ആനയുടെ തോല് പിളർന്ന് മാംസം എങ്ങനെ ഭക്ഷിക്കും എന്നു ചിന്തിച്ചു. അങ്ങനെയിരിക്കെ കുറച്ചു നേരം കഴിഞ്ഞപ്പോൾ ഒരു പുലി ഗർജിച്ചു കൊണ്ട് വന്നു. അത് അപായമാണെന്ന് കരുതിയ നരി; പുലി തീർച്ചയായും ആനയുടെ മാംസം തിന്നാൻ തയ്യാറായിരിക്കുമെന്നു കരുതി പുലി അടുത്തു വന്നപ്പോൾ വേഗം പറഞ്ഞു.

"സിംഹരാജാവിന്റെ വേട്ടമൃഗത്തിനാണ് ഞാൻ കാവൽ നിൽക്കുന്നത്. അവൻ കുളിക്കാൻ പോയിരിക്കുകയാണ്. അവൻ പോകുന്നതിനു മുൻപ് പറഞ്ഞു. ഏതെങ്കിലും പുലി ഇവിടെ വന്നാൽ എന്റെ അടുത്തു പറയൂ . ഈ കാട്ടിലുള്ള പുലികളെയെല്ലാം കൊല്ലാൻ ഞാൻ ശപഥം ചെയ്തിട്ടുണ്ടെന്ന് . അതുകൊണ്ട് നീ വേഗം പോയ്ക്കോ." ഇതു കേട്ട പുലി പേടിച്ചോടിപ്പോയി.

കുറച്ചു നേരത്തിനു ശേഷം ഒരു പുള്ളിപ്പുലി അതു വഴിവന്നു. ബുദ്ധിശാലിയായ നരിക്കറിയാമായിരുന്നു പുള്ളിപ്പുലിയുടെ കൂർമയുള്ള പല്ലുകൾ തന്റെ പ്രശ്നത്തിന് പരിഹാരം

ഉണ്ടാക്കുമെന്ന്.



അതുകൊണ്ട് നരി പുള്ളിപ്പുലിയെ ഒരു ചെറുപുഞ്ചിരിയോടെ വരവേറ്റു. "ആ വര്രൂ സ്നേഹിതാ, വര്രൂ, കുറേക്കാലമായല്ലോ കണ്ടിട്ട്. നീ എന്താ വിശപ്പുകൊണ്ട് വാടിപ്പോയല്ലോ. ഈ ചത്തുപോയ ആനയുടെ ശരീരത്തിൽ നിന്ന് കുറച്ചു മാംസം നീ തിന്ന്. സിംഹത്തിനായി ഞാനിതിന് കാവലിരിക്കുകയാണ്. സിംഹം കുളിക്കാൻ പോയതാണ്. പേടിക്കേണ്ട , ആ ..." "അയ്യയ്യോ ! ഞാനെങ്ങനെ സിംഹത്തിന്റെ ഇരയെ തിന്നുക. സിംഹം കാണുകയാണെങ്കിൽ എന്നെ കൊല്ലില്ലേ? " "അതു വിചാരിച്ചു നീ വിഷമിക്കേണ്ട ഞാൻജാഗ്രതയായി കാത്തിരുന്നോളാം.



സിംഹം വരുമ്പോൾ ശബ്ദമുണ്ടാക്കാം .അപ്പോൾ നീ ഓടി പൊക്കോ." വിശപ്പ് കൊണ്ട് വാടിയ പുള്ളിപ്പുലി അതു സമ്മതിച്ചു. നരിയുടെ ഈ സന്ദർഭത്തിനു നന്ദി പറഞ്ഞു. പുള്ളിപ്പുലി ആനയുടെ ചർമ്മം കടിച്ചുകീറാൻ തുടങ്ങി.നരിയും അതു ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരുന്നു. നരി ശബ്ദമുണ്ടാക്കി. "ആ .. സിംഹം വരുന്നുണ്ട്. ഓടിക്കോ! " അടുത്ത നിമിഷത്തിൽ പുള്ളിപ്പുലി അവിടുന്ന് ഒറ്റ ഓട്ടം. നരിക്കു സന്തോഷമായി. ചിരിച്ചുകൊണ്ട് നല്ല രുചിയുള്ള ഭക്ഷണം ഒറ്റയ്ക്ക് തിന്നു.


**ഗുണപാഠം :: ബുദ്ധിയും അറിവുമാണ് ആയുധം.**

# അഹങ്കാരത്തിന്റെ ഫലം



മുംതാസ് മജീദ്
9D

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾ മാത്രമായിരുന്നു ആഹാരം .



ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ്


സന്യാസിയുടെ ഗുഹയിലെത്തി.അലിവ് തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു. നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുള്ളതും വേണം നായയ്ക്ക്.

ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച് നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം! നായ ചെന്നുനിന്നത് സന്യാസിയുടെ ഗുഹക്കകത്താണ്. "എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി. "ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായ പറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹയ്ക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട്ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.

നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.



**ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ കഴിഞ്ഞു കൂടി. കുറച്ചു കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ**

**സന്യാസിയെ തന്നെ ശാപിടാമെന്ന് സിംഹം തീരുമാനിച്ചു.**

**സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ തയ്യാറായി നിൽക്കുന്നു! അത് സന്യാസിയുടെ നേരെ ചാടി വീണു.**
**ഒരു ക്ഷണം. സന്യാസി മന്ത്രം ചൊല്ലി. അതോടെ സിംഹം പഴയ നായയായി. തന്റെ മുൻപിൽ വാലാട്ടി നിന്ന നായയെ സന്യാസി പുറത്താക്കി ഗുഹയുടെ വാതിലടച്ചു.**

**ഗുണപാഠം :: വന്ന വഴി മറന്ന് അഹങ്കരിക്കരുത്.**



# കടംങ്കഥ

അജ്ജുൻ കെ എസ്
9D

1.കാട്ടുണ്ട് കടുവയില്ല, വീടുണ്ട് വീട്ടുകാരിയല്ല കുളമുണ്ട് മീനില്ല?

-തേങ്ങ

2.തടഞ്ഞു നിർത്താം വീശിയകറ്റാം പിടിച്ച കെട്ടാൻ പറ്റില്ല?

-പുക

3.ചെടിമേൽ കായ കായമേൽ ചെടി?

-പൈനാപ്പിൽ

4.എനിക്ക് മൂന്ന് കണ്ണുകളുണ്ട് എന്നാൽ എനിക്കു കാഴ്ചയില്ല?

-തേങ്ങ

5.ചെമ്പിൽ ഭഗവതി തുള്ളി തുള്ളി?

-തിള

6.കൊച്ചു കാല് മെല്ലെ മെല്ലെ നീണ്ട കാല് വേഗം വേഗം? -ക്ലോക്ക്

# ഉമ്പായി




ആതിര എ.എൽ

9D

മലയാള **ഗസൽ** ഗായകരിൽപ്രമുഖനായിരുന്ന **പി.എ. ഇബ്രാഹിം** എന്ന **ഉമ്പായി.** നിരവധി പഴയ ചലച്ചിത്രഗാനങ്ങൾ ഉമ്പായി തന്റെ തനതായ ഗസൽ ആലാപന ശൈലികൊണ്ട് പുനരാവിഷ്കരിച്ചിട്ടുണ്ട്. **ജോൺ എബ്രഹാമിന്റെ അമ്മ അറിയാൻ** സിനിമയിൽ ഗസൽ ആലപിച്ചു. തന്റെ ശബ്ദം ആദ്യമായി റിക്കോർഡ് ചെയ്ത് കേൾപ്പിച്ചത് ജോണായിരുന്നെന്ന് ആത്മകഥയിൽ പറയുന്നു. ഉമ്പായിയും **സച്ചിദാനന്ദനും** ചേർന്ന് ഒരുക്കിയ ശ്രദ്ധേയമായ ഗസൽ ഗാന ആൽബമായിരുന്ന "അകലെ മൗനം പോലെ". അതിന് ശേഷം **ഒ.എൻ.വി.കുറിപ്പ്** എഴുതിയ ഗാനങ്ങൾക്ക് ഉമ്പായി ശബ്ദാവിഷ്കാരം നൽകിയ ആൽബമായിരുന്ന "പാടുക സൈഗാൾ പാടുക" എന്നത്. ഉമ്പായി **എം.ജയചന്ദ്രനുമായി** ചേർന്ന് "നോവൽ" എന്ന സിനിമയ്ക്ക് സംഗീതവും നൽകിയിട്ടുണ്ട്. 'രാഗം ഭൈരവി'എന്ന പേരിൽ ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കരളിലെ അർബുദത്തെ തുടർന്ന്,2018 ആഗസ്റ്റ്, ഒന്നിന് **ആലുവയിലെ**

പെയിൻ & പാലിയേറ്റീവ് കെയർ ഹോമിൽ വച്ച്, ഉമ്പായി അന്തരിച്ചു. മരണസമയത്ത് അദ്ദേഹത്തിന് 68 വയസ്സായിരുന്നു. ഭാര്യയും മൂന്ന് മക്കളുമുണ്ട്.



# സ്റ്റീഫൻ ഹോക്കിങ്




ജോസ്ന ജോസ്

9D

സ്റ്റീഫൻ ഹോക്കിങ്

വിഖ്യാതനായ ബ്രിട്ടീഷ് ഭൗതികശാസ്ത്രജ്ഞനായിരുന്ന **സ്റ്റീഫൻ വില്യം ഹോക്കിങ്** (8 ജനുവരി 1942-14 മാർച്ച് 2018 ).നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്നു ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രപഞ്ചശാസ്ത്രവിഭാഗത്തിലെ ഡയറക്ടറായിരുന്നു അദ്ദേഹം.കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം എന്ന പ്രശസ്തമായ ശാസ്ത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്. 1966–ൽ ഡോക്ടറേറ്റ് നേടിയ സ്റ്റീഫൻ ഹോക്കിങ് ആ വർഷം തന്നെ റോജർ പെൻറോസുമായി ചേർന്ന് 'സിൻഗുലാരിറ്റീസ് ആൻഡ് ദ ജോമട്രി ഓഫ് സ്പേസ്-ടൈം' എന്ന പേരിൽ എഴുതിയ പ്രബന്ധത്തിനു വിഖ്യാതമായ ആഡംസ് പ്രൈസ് ലഭിച്ചിരുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗണിത ശാസ്ത്ര ലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നത പദവി മൂന്നു പതിറ്റാണ്ടുകൾ അദ്ദേഹം വഹിച്ചിരുന്നു.

നാഡീ കോശങ്ങളെ തളർത്തുന്ന മാരകമായ 'അമയോട്രോപ്പിക് ലാറ്ററൽ സ് ക്ലീറോസിസ്'' എന്ന രോഗബാധിതനായിരുന്നു.2018 മാർച്ച് 14 ന തന്റെ 76-ാം വയസ്സിൽ അദ്ദേഹം അന്തരിച്ച വിവരം



മക്കളായ ലൂസി, റോബർട്ട് എന്നിവർ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.

# കൈറ്റ്



മേജോ ജൈസൺ 9D

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് കൈറ്റ് (പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ). പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്.പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐ.ടി@സ്കൂൾ പ്രോജക്ട് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾകൂടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും 'കൈറ്റ്' ആണ്. ഒരു സെക്ഷൻ 8 കമ്പനിയായാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001ലാണ് ഐടി@സ്കൂൾ പ്രോജക്ട് രൂപീകരിച്ചത്. 2005ൽ പത്താംക്ലാസിൽ ഐടി പാഠ്യവിഷയമായതും എഡ്യൂസാറ്റ്സംവിധാനവും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നടപ്പാക്കിയതും ഐടി@സ്കൂളിനെ ശ്രദ്ധേയമാക്കി.


എല്ലാവരും ഒരുപോലെ കഴിവുള്ളവരാകണമെന്നില്ല,
എന്നാൽ സ്വന്തം കഴിവുകളെ വികസിപ്പിച്ചെടുക്കാനുള്ള
അവസരം ഏവർക്കും ഒരുപോലെയാണ്..


PARISH HALL


END